**ഭരണഭാഷ-മാതൃഭാഷ**

**പ്രിൻസിപ്പൽ ചീഫ് ഫോറസ്റ്റ് കൺസർവേറ്റർ**
**(വൈൽഡ്‌ലൈഫ്) &**
**ചീഫ് വൈൽഡ്‌ലൈഫ് വാർഡൻ.**

വനം-വന്യജീവി വകുപ്പ്
ഫോറസ്റ്റ് ഹെഡ്ക്വാർട്ടേഴ്സ്
വഴുതക്കാട്, തിരുവനന്തപുരം-14.
ഫോൺ : 0471 2321610
ഫാക്സ് : 0471 2320554

കെ.എഫ്.ഡി.എച്ച്.ക്യു./26685/2018/ബി.ഡി.സി.1 തീയതി: 11.03.2019

സ്വീകർത്താവ്,

എല്ലാ സോഷ്യൽ ഫോറസ്ട്രി
അസ്സിസ്റ്റന്റ് ഫോറസ്റ്റ് കൺസർവേറ്റർമാർക്കും.

സർ,

വിഷയം :- വനം വന്യജീവി വകുപ്പ് - ഉഷ്ണ തരംഗത്തിന് സാദ്ധ്യതയെന്ന് കാലാവസ്ഥാ റിപ്പോർട്ട് - ഉത്സവങ്ങളുമായി ബന്ധപ്പെട്ട് ആനകളെ എഴുന്നള്ളിക്കുന്നത് സംബന്ധിച്ച്

സൂചന :- 1) സർക്കാരിന്റെ 20.03.2013-ലെ 2853/ഡി2/2013 നമ്പർ സർക്കുലർ
2) ഈ ഓഫീസിലെ 06.03.2019 തീയതിയലെ ഇതേ നമ്പർ കത്ത്

സൂചനയിലേയ്ക്ക് അടിയന്തര ശ്രദ്ധ ക്ഷണിക്കുന്നു. സർക്കാരിന്റെ സൂചന (1) പ്രകാരം പകൽ 11നും 3.30-നും ഇടയിലുള്ള സമയം ആനകളെ എഴുന്നള്ളിക്കുവാൻ പാടുള്ളതല്ല എന്ന നിർദ്ദേശം നിലവിലുള്ളതാണ്. സംസ്ഥാനത്ത് കടുത്ത വരൾച്ചയിൽ ഉഷ്ണതരംഗവുമായി ബന്ധപ്പെട്ട അസഹ്യമായ ചൂടും അനുഭവപ്പെടുന്ന സാഹചര്യത്തിൽ ആനകളെ എഴുന്നള്ളിക്കുന്നതിനുള്ള സമയം പകൽ 10 മണിക്ക് മുമ്പായും, 4 മണിക്ക് ശേഷവുമായി പുന: ക്രമീകരിക്കുന്നു. ആനകളെ ചൂടുള്ള കാലാവസ്ഥയിൽ പകൽ 10 മണിമുതൽ 4 മണി വരെ തുറസ്സായ സ്ഥലത്ത് നിർത്തുന്നതും തുറന്ന വാഹനങ്ങളിൽ കയറ്റി കൊണ്ട് പോകുന്നതും വേനലിന് ശമനമുണ്ടാകുന്നത് വരെ നിരോധിക്കുന്നു.

മേൽ നിർദ്ദേശങ്ങൾ കർശനമായി പാലിക്കുന്നതിന് അടിയന്തര നടപടി സ്വീകരിക്കേണ്ടതും ബന്ധപ്പെട്ട ഉദ്യോഗസ്ഥർ ഇക്കാര്യം പരിശോധിച്ച് ഉറപ്പ് വരുത്തേണ്ടതും വീഴ്ച വരുത്തുന്നവർക്കെതിരെ നിയമ നടപടി സ്വീകരിക്കേണ്ടതുമാണ്. കൂടാതെ ആന ഉടമസ്ഥർക്കും, ജില്ലാ മോണിറ്ററിംഗ് കമ്മറ്റികൾക്കും, ഉത്സവ ആഘോഷ സമിതികൾക്കും ഇക്കാര്യത്തിൽ കർശന നിർദ്ദേശം നൽകേണ്ടതാണ്.

വിശ്വസ്തതയോടെ,

പ്രിൻസിപ്പൽ ചീഫ് ഫോറസ്റ്റ് കൺസർവേറ്റർ
(വൈൽഡ്‌ലൈഫ്) & ചീഫ് വൈൽഡ്‌ലൈഫ് വാർഡൻ

പകർപ്പ് :

1) എല്ലാ സോഷ്യൽ ഫോറസ്ട്രി ഫോറസ്റ്റ് കൺസർവേറ്റർമാർക്കും അറിവിലേയ്ക്കും നിർദ്ദേശം നടപ്പിലാക്കുന്നതിന്റെ മേൽനോട്ടത്തിനുമായി നൽകുന്നു.
2) എല്ലാ ഫ്ളൈയിംഗ് സ്ക്വാഡ്, ടെറിറ്റോറിയൽ ഡിവിഷണൽ ഫോറസ്റ്റ് ഓഫീസർമാർക്കും അറിവിലേയ്ക്കായി നൽകുന്നു.